**ശ്രദ്ധക്ഷണിക്കൽ**

(1) ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യൽ

ശ്രീ. എം. എം. മണി: സർ, കേരളത്തിൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ അടക്കമുള്ള 8 വില്ലേജുകളിലെ നിർമ്മാണപ്രവർത്തനങ്ങളിൽ ചില നിയന്ത്രണം ഏർപ്പെടുത്തണമെന്ന് കോടതി ഉത്തരവിറക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാർ 8 വില്ലേജുകളിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചു. അതിനെതിരെ ഒരു കോൺഗ്രസ്സ് പ്രവർത്തക ഹൈക്കോടതിയിൽ കേസുകൊടുത്തു. ഈ സഭയിലെ മൂവാറ്റുപുഴ മെമ്പറാണ് ഹൈക്കോടതിയിൽ കേസ് വാദിച്ചത്. മൂന്നാറിലെ കേസിൽ ഹൈക്കോടതി എടുത്ത തീരുമാനം കേരളം മുഴുവൻ നടപ്പിലാക്കാൻ ഉത്തരവിറക്കി. സംസ്ഥാന ഗവൺമെന്റ് അതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തു. അവിടെയും മൂവാറ്റുപുഴ മെമ്പറും ബഹുമാനപ്പെട്ട പി. ചിദംബരവുമാണ് ആ കേസിൽ ഗവൺമെന്റിനെതിരെ വാദിച്ചത്. ഹൈക്കോടതി വിധി സുപ്രീംകോടതി അംഗീകരിച്ചു. ഫലത്തിൽ അതിപ്പോൾ കേരളമൊട്ടാകെ സങ്കീർണ്ണമായ പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്.

1964-ലെ പട്ടയത്തിനകത്തെ നിയമം, പുര വയ്ക്കുകയും കുടി പാർക്കുകയും കൃഷി ചെയ്യുകയും ചെയ്യുക എന്നതാണ്. എന്നാൽ ഈ നിയമം വന്നിട്ടിപ്പോൾ 57 വർഷം കഴിഞ്ഞു. കേരളത്തിലുടനീളം വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. നിർമ്മാണപ്രവർത്തനവും കാർഷികേതര പ്രവർത്തനവുമൊക്കെ നടന്നിട്ടുണ്ട്. അത് വലിയ സങ്കീർണ്ണ പ്രശ്നമായി. ഇപ്പോൾ സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്മാർ ഇടുക്കി ജില്ലയിൽ മാത്രമല്ല, മറ്റ് ജില്ലയിലും സുപ്രീംകോടതിവിധി നടപ്പിലാക്കാൻവേണ്ടി എന്ന നിലയിൽ നോട്ടീസ് കൊടുക്കലും നടപടികളും സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ 1964-ലെ പട്ടയത്തിനകത്തെ വ്യവസ്ഥ ഭേദഗതി ചെയ്ത് ഇന്നത്തെ ഈ പ്രതിസന്ധിക്ക് പരിഹാരം കാണണം. മൂന്നാറിൽ 8 വില്ലേജുകളിൽ ഉദ്ദേശിച്ച കാര്യങ്ങൾ കേരളം മുഴുവനാക്കി മാറ്റിയതിൽ ഈ സഭയിലെ അംഗത്തിനും കേസുകൊടുത്തവർക്കും വലിയ പങ്കുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നിയമഭേദഗതി വരുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട റവന്യൂ വകുപ്പ് സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം (4)-പ്രകാരം സ്വന്തമായി കൃഷിക്കും താമസത്തിനും സമീപവസ്തുവിന്റെ ഗുണകരമായ ഉപയോഗത്തിനായി ഭൂമി പതിച്ചുനൽകാവുന്നതാണ്. ചട്ടം (8)-ലെ ഉപചട്ടം (2) പ്രകാരം പതിച്ചുകിട്ടിയ ഭൂമി പതിച്ചുനൽകിയ ആവശ്യത്തിനുതന്നെ ഉപയോഗിക്കേണ്ടതുമുണ്ട്. അപ്രകാരം ഉപയോഗിച്ചില്ലെങ്കിൽ ഉപചട്ടം (3)-പ്രകാരം പതിവ് റദ്ദ് ചെയ്യാവുന്നതുമാണ്. ഈ വ്യവസ്ഥകൾ നിലനിൽക്കുന്ന ചട്ടമനുസരിച്ച് സംസ്ഥാനത്തിന് പൊതുവെ ബാധകമാണ്. ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്., പള്ളിവാസൽ, ആനവിരട്ടി, വെള്ളത്തൂവൽ, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ആനവിലാസം എന്നീ 8 വില്ലേജുകൾ അടങ്ങുന്ന മൂന്നാർ പ്രദേശത്ത് കാർഷികാവശ്യങ്ങൾക്കായി പതിച്ചുകൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന സാഹചര്യത്തിൽ മൂന്നാർ പ്രദേശത്ത് റവന്യൂ വകുപ്പിന്റെ NOC ഇല്ലാതെ യാതൊരു നിർമ്മാണപ്രവർത്തനങ്ങളും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, WP(C) 1801/2010 എന്ന കേസിൽ 21.01.2020-ൽ ഇടക്കാല ഉത്തരവ്

ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിരുന്നു. തുടർന്ന് 09.06.2016-ലും 01.08.2016-ലും ഈ പറയുന്ന തീയതികളിൽ ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം മൂന്നാർ പ്രദേശത്തെ നിർമ്മാണപ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 17983/2019 എന്ന കേസിൽ 6/2020-ലെ ഉത്തരവ് റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകളിൽ ഭൂമി എന്ത് ആവശ്യത്തിനാണ് പതിച്ചുനൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതിനെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത SLP No.10774-10788/2020, 19.11.2020-ൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തള്ളി ഉത്തരവായിട്ടുള്ളതാണ്. മൂന്നാർ പ്രദേശത്ത് NOC ഇല്ലാതെയും മറ്റും നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുക്കുകയും 22.08.2019-ലെ സാധാരണ ഉത്തരവ് കൈ.നം.269/2019 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി SLP തള്ളിയ സാഹചര്യവും സാധാരണ ഉത്തരവ് 269/2019

നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.11.2020-ൽ യോഗം ചേർന്നിരുന്നു. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ 15 സെന്റിനുതാഴെയുള്ള പട്ടയഭൂമി ഉപജീവനാവശ്യത്തിനുമാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്കുതാഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടം മാത്രമാണുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ചുകഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും 21.02.2020-ലെ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിനുശേഷം നിർത്തിവയ്ക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങളുൾപ്പെടെ 28228/2019-ലെ ഉത്തരവ് തീയതിവരെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആ വ്യവസ്ഥകൾക്കുവിധേയമായി ക്രമവൽക്കരിക്കുന്നതിനാവശ്യമായ ചട്ടഭേദഗതി വരുത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. WP(C) 1801/2010 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ചട്ടഭേദഗതിക്ക് കോടതിയുടെ അനുവാദം വാങ്ങണമെന്ന് നിയമവകുപ്പ്

പ്രത്യേകമായി എഴുതി നൽകിയിട്ടുണ്ട്. അക്കാര്യം കൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. മണി: സർ, കേരളത്തിലെ എല്ലാ ജില്ലകളിലും 1964-ലെ നിയമത്തിന്റെ ലംഘനം നടന്നിട്ടുണ്ട്. പുര വച്ച് താമസിക്കലും കൃഷിയും മാത്രമല്ല, മറ്റ് കാർഷികേതര ആവശ്യങ്ങൾക്കുള്ള നിർമ്മാണപ്രവർത്തനവും നടന്നിട്ടുണ്ട്. ഇപ്പോൾ ഇതുസംബന്ധിച്ച് സുപ്രീംകോടതിയുടെ വിധി നടപ്പിലാക്കാൻ ശ്രമിച്ചാൽ ഇല്ലാത്ത സങ്കീർണ്ണ പ്രശ്നമായിരിക്കും ഉണ്ടാകാൻ പോകുന്നതെന്ന കാര്യം ഞാൻ ഈയവസരത്തിൽ ഉത്കണ്ഠാപൂർവ്വം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 1964-ലെ ചട്ടം ഭേദഗതി ചെയ്യുകയാണ് ഇതിന് ഉചിതമായ മാർഗ്ഗമെന്നാണ് കരുതുന്നത്.

ശ്രീ. കെ. രാജൻ: സർ, അങ്ങയുടെ നിർദ്ദേശം ലഭ്യമായി. നിലവിലുള്ള ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് സഭയ്ക്ക് കാര്യങ്ങൾ തീരുമാനിക്കാവുന്നത്. അക്കാര്യത്തിൽ എല്ലാവരുടെയും അഭിപ്രായം പരിശോധിച്ചും നിയമവകുപ്പിന്റെ അഭിപ്രായം തേടിയും എന്താണ് ചെയ്യാൻ കഴിയുക എന്ന് ഗൗരവമായി പരിശോധിക്കുന്നതാണ്.

## (2) കോവിഡ് വാക്സിനേഷൻ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ അഭിമുഖീകരിക്കാത്തവിധം കോവിഡ് കേരളത്തെ സങ്കീർണ്ണമായ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. രാജ്യത്തെ ഏറ്റവും ഉയർന്ന രോഗസ്ഥിരീകരണ നിരക്ക് കേരളത്തിലാണ്. രണ്ടാംതരംഗത്തിന്റെ ഭാഗമായുള്ള രോഗവ്യാപനതോത് ഇപ്പോൾ കുറഞ്ഞിട്ടില്ല. കഴിഞ്ഞ ദിവസത്തെ കണക്കുകൾ പ്രകാരം രാജ്യത്ത് റിപ്പോർട്ട് ചെയ്ത 39,742 കോവിഡ് കേസുകളിൽ 17,466 എണ്ണവും കേരളത്തിൽ നിന്നാണ്. 535 കോവിഡ് മരണങ്ങളിൽ 66-ഉം കേരളത്തിൽ നിന്നാണ്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ഒരാഴ്ചയിലേറെയായി 11 ശതമാനത്തിന് മുകളിലാണ്. കേരളത്തിൽ ആകെ റിപ്പോർട്ടുചെയ്ത മരണം 16,035 ആണ്. 1,40,276 പേർ ചികിത്സയിലാണ്. പ്രധാനമന്ത്രി വിളിച്ച കക്ഷിനേതാക്കളുടെ യോഗത്തിലെ കണക്കുകൾപ്രകാരം കോവിഡ് വാക്സിനേഷനിൽ കേരളം ദേശീയ ശരാശരിയ്ക്ക് പിന്നിലാണെന്ന് കഴിഞ്ഞദിവസം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. വാക്സിനേഷൻ ശരാശരിയുടെ കാര്യത്തിൽ കേരളം രാജ്യത്ത് 23-ാം സ്ഥാനത്തും മുന്നണിപ്പോരാളികളിലെ ആദ്യ ഡോസ്, വാക്സിനേഷന്റെ

ദേശീയ ശരാശരി 91 ശതമാനവും എന്നാൽ കേരളത്തിൽ ഇത് 74 ശതമാനവുമാണ്. രണ്ടാം ഡോസ് വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരി 83 ശതമാനവും കേരളത്തിൽ ഇത് വെറും 60 ശതമാനവുമാണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. യുവാക്കളുടെ വാക്സിനേഷനിലും കേരളം വളരെ പിന്നിലാണ്. 18-നും 45-നും മധ്യേ പ്രായമുള്ളവരുടെ വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരി 21 ശതമാനമാണെങ്കിൽ കേരളത്തിൽ 16 ശതമാനം മാത്രമാണ്. കേരളം തങ്ങൾക്ക് ലഭ്യമായ വാക്സിൻപോലും ഉപയോഗിച്ചിട്ടില്ലെന്നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കുന്നത്. വാക്സിൻ ലഭ്യതക്കുറവിനെക്കുറിച്ച് നിരന്തരം പരാതി ഉന്നയിക്കുന്ന സംസ്ഥാനമാണ് കേരളം. വാക്സിൻ ദൗർലഭ്യംമൂലം സംസ്ഥാനത്ത് വാക്സിനേഷൻ പ്രക്രിയ താളംതെറ്റുമെന്ന ആശങ്ക ലോക്സഭയിൽ അറിയിച്ച എം.പി. മാരായ ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. ഹൈബി ഈഡൻ എന്നിവരോട് കോവിഡ് പ്രതിരോധത്തിനായി കേന്ദ്രം അനുവദിച്ച പത്ത് ലക്ഷം ഡോസ് വാക്സിൻ കേരളം ഉപയോഗിച്ചിട്ടില്ലെന്നും കൈവശമുള്ള വാക്സിൻ ഡോസുകൾ ഉപയോഗിച്ചുകഴിയുന്നമുറയ്ക്ക് കൂടുതൽ ഡോസ് നൽകാൻ കേന്ദ്രം

സന്നദ്ധമാണെന്നുമാണ് കേന്ദ്ര ആരോഗ്യമന്ത്രി ശ്രീ. മൻസുഖ് മാണ്ഡവിയ വ്യക്തമാക്കിയത്. പൊതുജനാരോഗ്യ സേവനങ്ങളിൽ മുമ്പന്തിയിലുള്ള കേരളത്തിലെ നിലവിലെ കോവിഡ് സ്ഥിതി ആശങ്കാജനകമാണെന്നും മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷാ സംവിധാനമുണ്ടായിട്ടും സംസ്ഥാനത്തെ രോഗവ്യാപനം കുറയാത്തതിനുള്ള കാരണവും അദ്ദേഹം ആരാഞ്ഞു.

<u>മി. സ്പീക്കർ</u>: പ്ലീസ്......കൺക്ലൂഡ്.......

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സംസ്ഥാനത്തിന്റെ കോവിഡ് പ്രതിരോധത്തിലെ ദൗർബല്യത്തിലേയ്ക്ക് വിരൽചൂണ്ടുന്നതാണ് രോഗവ്യാപനതോതെന്നും ശ്രീ. മൻസുഖ് മാണ്ഡവിയ പറഞ്ഞു. 23-ാം തീയതിവരെ വാക്സിൻക്ഷാമമുണ്ടെന്ന് പറഞ്ഞവർ 24-ാം തീയതി ഓരോ ജില്ലയ്ക്കും 20000 കൂടുതൽ ഡോസും അന്നുതന്നെ തീർക്കണമെന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ കർശന നിർദ്ദേശവുമുണ്ടായിരുന്നു. യാതൊരുവിധ മുൻഗണനാക്രമങ്ങളും പാലിക്കാതെയാണ് വാക്സിൻ കൊടുത്തുതീർത്തത്. രാത്രി 9 മണിവരെ ചില കേന്ദ്രങ്ങളിൽ വാക്സിനേഷൻ നടത്തുകയുണ്ടായി. പകൽമാത്രമേ വാക്സിനേഷൻ നടത്താവൂയെന്ന ലോകാരോഗ്യ സംഘടനയുടെ പ്രോട്ടോക്കാൾ ഉൾപ്പെടെ പലതും അട്ടിമറിക്കപ്പെട്ടു. കേന്ദ്രമന്ത്രി

പറഞ്ഞതിനുപിന്നാലെ പൂഴ്ത്തിവച്ചിരുന്ന വാക്സിൻ കൊടുത്തുതീർത്ത് സർക്കാർ മാതൃകയായി. ഇന്ത്യയിൽ ആദ്യമായി കൊറോണ സ്ഥിരീകരിച്ചത് തൃശ്ശൂരിലാണ്. ചൈനയിലെ വുഹാനിൽ നിന്നാണ്.......

മി. സ്പീക്കർ: അക്കാര്യങ്ങളെല്ലാം എല്ലാവർക്കുമറിയുന്നതാണ്. അത്തരം കാര്യങ്ങൾ പറഞ്ഞ് സമയം നഷ്ടപ്പെടുത്തണ്ട. പ്ലീസ് കൺക്ലൂഡ്........

ശ്രീ. സനീഷ്കുമാർ ജോസഫ്: ഇന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിലെ സാഹചര്യം അതീവ ഗുരുതരമാണ്. ആശുപത്രിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. 44 കിടപ്പ് രോഗികൾക്കും 37 കൂട്ടിരിപ്പുകാർക്കും ക്ലിനിക്കൽ ഡ്യൂട്ടിയിലുണ്ടായിരുന്ന 30 വിദ്യാർത്ഥികൾക്കും മെഡിക്കൽ കോളേജിലെ കോഫി ഹൗസ് ജീവനക്കാരായ 13 പേർക്കും രോഗം സ്ഥിരീകരിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ ഗാന്ധിഗ്രാം ലെപ്രസി ആശുപത്രിയിലെ 37 അന്തേവാസികൾക്ക് കോവിഡ്.....(മൈക്ക് ഓഫ്).......

മി. സ്പീക്കർ: അങ്ങ് മന്ത്രിയുടെ ശ്രദ്ധക്ഷണിച്ചുകഴിഞ്ഞു

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട് ബഹുമാന്യനായ ചാലക്കുടി അംഗം ഇവിടെ ഉന്നയിച്ചത് വാസ്തവവിരുദ്ധമാണ്. വാക്സിനേഷൻ സംബന്ധിച്ച ഡേറ്റ കേന്ദ്രസർക്കാരിന്റെ കോവിൻ പോർട്ടലിൽ റിയൽ ടൈം അപ്ഡേഷൻ നടക്കുന്നുണ്ട്. ഈ സമയത്ത് ആ പോർട്ടൽ പരിശോധിച്ചാൽ കേരളത്തിലുൾപ്പെടെ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും ഇതുവരെ അഡ്മിനിസ്റ്റർ ചെയ്ത ഡോസുകൾ എത്രയാണെന്നും ഏത് സംസ്ഥാനമാണ് മുന്നിൽനിൽക്കുന്നതെന്നും വളരെ വ്യക്തമായി കാണാൻ സാധിക്കും. ഇന്ത്യയിൽ 130 കോടി ജനങ്ങളിൽ 33,82,00,418 പേർക്കാണ് ഒന്നാം ഡോസ് വാക്സിൻ അതുപോലെ 9,18,07,558 പേർക്ക് രണ്ടാം ഡോസും ഉൾപ്പെടെ 43,00,88,976 ഡോസ് വാക്സിനാണ് ഇന്നലെ വൈകുന്നേരം വരെ നൽകിയിട്ടുള്ളത്. (രാജ്യത്താകെയുള്ള കണക്കാണിത്) ജനസംഖ്യാടിസ്ഥാനത്തിൽ ഇന്ത്യയിൽ 26.02 ശതമാനം പേർക്ക് ഒന്നാം ഡോസും 7.06 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിലെ കണക്ക് പരിശോധിച്ചാൽ ജൂലൈ 25 വൈകുന്നേരം വരെ

1,29,69,475 പേർക്ക് ഒന്നാം ഡോസും 56,21,752 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് 36.95 ശതമാനം പേർക്ക് ഒന്നാം ഡോസും 16.01 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകി. ഇത് ദേശീയ ശരാശരിയേക്കാൾ വളരെയേറെ കൂടുതലാണെന്നുമാത്രമല്ല, രണ്ടാം ഡോസ് ലഭിച്ചവരുടെ ശതമാനം ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ്. കേന്ദ്ര സർക്കാരിന്റെ കോവിൻ പോർട്ടലിലുള്ള ഗ്രാഫിന്റെ ഡേറ്റയാണിത്. അതിൽ ഓരോ മില്യൻ ആളുകളിലും, 10 ലക്ഷം ആളുകളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന, കോവിഡ് വാക്സിൻ കൊടുത്തതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. അതിനുശേഷം മാത്രമാണ് മറ്റ് സംസ്ഥാനങ്ങളുള്ളത്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട ദേശീയ വിദഗ്ദ്ധ സമിതിയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകളും പ്രകാരമാണ് ഘട്ടംഘട്ടമായി വിവിധ മുൻഗണനാ ഗ്രൂപ്പുകളെ വാക്സിനേഷൻ നടത്തുന്നതിനായി ഡ്രൈവിൽ ഉൾപ്പെടുത്തിവരുന്നത്. 2021 ജനുവരി 16 മുതലാണ് സംസ്ഥാനത്ത് വാക്സിനേഷൻ ആരംഭിച്ചത്.

ആരോഗ്യപ്രവർത്തകരായ സർക്കാർ-സ്വകാര്യ ആശുപത്രിജീവനക്കാർ, ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ, അംഗണവാടി വർക്കർമാർ ഉൾപ്പെടെയുള്ളവർക്കാണ് ആദ്യഘട്ടത്തിൽ വാക്സിൻ നൽകിയത്. കോവിഡ് മുൻഗണനാ വിഭാഗത്തിലുള്ള മുന്നണി പോരാളികൾക്ക് കോവിഡ് വാക്സിനേഷൻ ഫെബ്രുവരി ഒന്നിന് ആരംഭിച്ചു. മുന്നണിപ്പോരാളികളിൽ ഏകദേശം 100 ശതമാനം പേരും ഒന്നാം ഡോസ് വാക്സിൻ ജൂലൈ 25-നകം (ഇന്നലെ വരെ) എടുത്തിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവിഭാഗത്തിൽ 21 ശതമാനം പേർക്കാണ് ഒന്നാം ഡോസ് വാക്സിൻ ലഭിച്ചിട്ടുള്ളത്. ഒന്നാം ഡോസ് ലഭിച്ച് 12 ആഴ്ച്ചയ്ക്കുശേഷമാണ് രണ്ടാം ഡോസ് ലഭിക്കുന്നത്. അതിനാൽ അതനുസരിച്ച് രണ്ടാം ഡോസിന്റെ സമയമാകുന്നമുറയ്ക്ക് അവർക്കും വാക്സിൻ എടുത്തുകൊണ്ടിരിക്കുകയാണ്. 18 മുതൽ 45 വയസുവരെ പ്രായമുള്ളവരിൽ ആദ്യഘട്ടത്തിൽ മുൻഗണനാവിഭാഗത്തിലുള്ളവർക്കും അനുബന്ധരോഗങ്ങളുള്ളവർക്കുമാണ് വാക്സിനേഷൻ നൽകിയത്. കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ജൂൺ 21-ാം തീയതി മുതലാണ് 18 മുതൽ 45 വയസുവരെ പ്രായമുള്ള എല്ലാവരെയും വാക്സിനേഷൻ ലഭിക്കുന്ന വിഭാഗത്തിൽ

ഉൾപ്പെടുത്തിയത്. കേരളത്തിൽ 45 വയസ്സിന് മുകളിലുള്ള 76 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും 39 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. വാക്സിനേഷൻ സംബന്ധിക്കുന്ന വിവരങ്ങൾ ദിവസവും പ്രസിദ്ധീകരിക്കുന്ന കോവിഡ് വാക്സിനേഷൻ ബുള്ളറ്റിനിലും ലഭ്യമാണ്. ഇത് ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, കഴിഞ്ഞ ആഴ്ചയിലാണ് (18-ാം തീയതി മുതലാണ്) സംസ്ഥാനത്ത് ഏറ്റവും അധികം വാക്സിൻ ലഭിക്കാകാൻ തുടങ്ങിയത്. 18-ാം തീയതി മുതൽ 25-ാം തീയതിവരെയുള്ള കാലഘട്ടത്തിൽ നമുക്ക് ലഭിച്ച വാക്സിന്റെ അളവനുസരിച്ചാണ് വാക്സിൻ നൽകിയിട്ടുള്ളത്. 18 ലക്ഷത്തിലധികം ആളുകൾക്ക് ലഭിച്ച വാക്സിൻ ഡോസുകൾകൊണ്ട് വാക്സിൻ നൽകാൻ സാധിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒരു ദിവസംകൊണ്ട് കൊടുത്തുവെന്നാണ്, അങ്ങനെയല്ല. 23-ാം തീയതി പകൽ കൊടുത്ത വാക്സിനുശേഷം അന്ന് വൈകുന്നേരം നമുക്ക് ലഭിച്ച 2 ലക്ഷം ഡോസ് വാക്സിനുംകൂടി കൂട്ടിച്ചേർത്താണ് 24-ാം തീയതി ശനിയാഴ്ച സംസ്ഥാനത്ത് ഏറ്റവും അധികം കൂടുതൽ വാക്സിൻ നൽകിയത്. അന്ന് 488000 പേർക്കാണ് ഒറ്റദിവസംകൊണ്ട് വാക്സിൻ നൽകിയത്.

ഇതോടെ ഒരു ദിവസം നാലര ലക്ഷത്തിനുമുകളിൽ വാക്സിൻ നൽകാൻ കഴിയുമെന്ന് തെളിയിച്ചിരിക്കുകയാണ്. കൂടാതെ ഇന്നലെ (25-07-2021, ഞായർ) 126000 പേർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. ഇന്നത്തെ ഓപ്പണിംഗ് സ്റ്റോക്ക് 170000 ഡോസ്സ് വാക്സിനാണ് അത് എത്രയുംവേഗം, ഇന്നുതന്നെ കൊടുത്തുതീർക്കും. വാക്സിൻ ലഭിക്കുന്നില്ലെന്നതാണ് നമ്മുടെ പ്രശ്നം. ഏറ്റവും മികച്ച രീതിയിൽതന്നെ, 'മാതൃകവചം' പദ്ധതിയിലൂടെ ഗർഭിണികൾക്ക് വാക്സിൻ കൊടുക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇതുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയങ്ങൾ, കേന്ദ്ര ആരോഗ്യ മന്ത്രി ഇതുസംബന്ധിച്ച് വസ്തുതാവിരുദ്ധമായി പറഞ്ഞുവെന്നുള്ളത്, വളരെ നിർഭാഗ്യകരമാണ്. ആഗസ്റ്റ് മാസത്തിൽ രണ്ടാം ഡോസ് എടുക്കാൻ അർഹരായവരുടെ എണ്ണം കേരളത്തിൽ 22 ലക്ഷമാണ്. പക്ഷേ 30 ലക്ഷം ഡോസ് വാക്സിൻ മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂവെന്നാണ് കേന്ദ്രം ഇപ്പോൾ അറിയിച്ചിരിക്കുന്നത്. അതായത്, സർക്കാരിന് ലഭ്യമാകുന്നത് 30 ലക്ഷം ഡോസ് വാക്സിൻ മാത്രമേയുള്ളൂ. ഒരു കോടിയിലധികം ആളുകൾ ആദ്യ ഡോസിന് കാത്തിരിക്കുമ്പോഴാണ് 30 ലക്ഷം ഡോസ് വരുന്നത്, അതിൽ 22 ലക്ഷം ഡോസ് രണ്ടാം ഡോസ് എടുക്കേണ്ടവർക്കുള്ളതാണ്.

അങ്ങനെയാണെങ്കിൽ 8 ലക്ഷം മാത്രമേ ആദ്യഡോസ് എടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കേരളത്തിനാവശ്യമായ വാക്സിൻ ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് നമ്മൾ നിരന്തരം അഭ്യർത്ഥിച്ചുകൊണ്ടിരിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ പ്രധാനമന്ത്രിയോട് നേരിട്ട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം നേരത്തെ എഴുതിത്തന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ കോവിഡുമായി ബന്ധപ്പെട്ട് ഉന്നയിക്കുകയുണ്ടായി. കേന്ദ്രം നടത്തിയ Sero prevalence Study-യിൽ കേരളത്തിലെ 42 ശതമാനം ആളുകളിലാണ് ആന്റിബോഡിയുള്ളതെന്ന് കണ്ടെത്തിയിരിക്കുന്നത്. അതിൽനിന്നും കേരളത്തിലെ അൻപത് ശതമാനത്തിലധികം ആളുകൾക്കും ഇനിയും രോഗം വന്നിട്ടില്ലെന്നാണ്. കേരളത്തിൽ susceptible ആയ ആളുകളുടെ എണ്ണം കൂടുതലായതുകൊണ്ട് കൂടുതൽ വാക്സിൻ നൽകണമെന്നാണ് കേരളത്തിന്റെ ആവശ്യം. കേരളത്തിൽ കോവിഡിന്റെ രണ്ടാം തരംഗം വൈകി ആരംഭിച്ചതുകൊണ്ട് വൈകിമാത്രമേ അവസാനിക്കുകയുള്ളൂ. വാക്സിനേഷൻ സംബന്ധിച്ച കാര്യങ്ങളിൽ അവ്യക്തതയൊന്നുമില്ല. സീറോ വേസ്റ്റേജ് അതായത് നെഗറ്റീവ് വേസ്റ്റേജാണ്. നമുക്ക്,

ലഭിക്കുന്നതിലധികമായി വാക്സിൻ നൽകുന്നുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച രീതിയിലാണ് നമ്മൾ വാക്സിൻ നൽകുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: ഒന്നാം ഡോസ് വാക്സിനെടുത്ത ലക്ഷക്കണക്കിനാളുകൾ രണ്ടാം ഡോസിനുള്ള തീയതി കഴിഞ്ഞും കാത്തിരിക്കുന്ന സാഹചര്യമുണ്ട്. ജനസംഖ്യാനുപാദത്തിലല്ലാതെ മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ രണ്ടാം ഡോസ് വാക്സിൻ വളരെ കുറച്ചാണ് നൽകിയിട്ടുള്ളത്. അതുപോലെ വിദേശത്തുപോകുന്ന ആളുകൾ വാക്സിനെടുക്കാത്തതുമൂലം വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ...

ശ്രീ. സനീഷ്കുമാർ ജോസഫ്: ഇത്തരം വിവേചനങ്ങൾ അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ആദ്യ വാക്സിനേഷൻ കഴിഞ്ഞ് 12 ആഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ രണ്ടാം ഡോസ് വാക്സിനെടുക്കുകയുള്ളൂ എന്നതായിരുന്നു കേന്ദ്രസർക്കാരിന്റെ മാനദണ്ഡം. വിദേശത്ത് പോകുന്നവർക്ക് വാക്സിനെടുക്കുന്നതിൽ ബുദ്ധിമുട്ട് നേരിട്ടപ്പോൾ വിദേശത്ത് പോകേണ്ട പ്രവാസി സഹോദരങ്ങൾക്ക് 12 ആഴ്ചയല്ല, 4 ആഴ്ച കഴിഞ്ഞാൽ

വാക്സിൻ ലഭ്യമാക്കുമെന്ന് സംസ്ഥാനം തീരുമാനിച്ചു. പ്രത്യേക മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി പ്രവാസികൾക്കും വിദ്യാർത്ഥികൾക്കും വാക്സിൻ നൽകുന്നതിന് പ്രത്യേക വാക്സിൻ സെന്റർ ഓപ്പൺ ചെയ്തു. അതുസംബന്ധിച്ച് ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ബഹുമാന്യരായ എം.എൽ.എ.-മാർക്ക് അറിയാം. അതിൽ എല്ലാവരുടെയും സഹകരണമുണ്ട്. നിയമസഭാംഗങ്ങളുൾപ്പെടെ ഇടപെട്ടാണ് അവരവരുടെ ജില്ലകളിലും മണ്ഡലങ്ങളിലും പ്രത്യേക വാക്സിൻ സെന്റർ ഓപ്പൺ ചെയ്ത് വാക്സിനേഷൻ നടത്തുന്നത്. രണ്ടാം ഡോസിന്റെ കാര്യം നേരത്തെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 60 ലക്ഷം ഡോസ് വാക്സിൻ ആഗസ്റ്റ് മാസത്തിൽ ലഭിക്കണമെന്നാണ് ഇപ്പോഴുള്ള നമ്മുടെ ആവശ്യം. അതിന്റെ പകുതിപോലും നൽകില്ലെന്നാണ് കേന്ദ്രം ഇപ്പോൾ അറിയിച്ചിട്ടുള്ളത്.